**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഉപാധിരഹിത പട്ടയവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ . കെ . വി . വിജയദാസ് | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഏറെ വർഷങ്ങൾ റവന്യൂ ഓഫീസുകളിൽ കയറിയിറങ്ങിയിട്ടും കിടപ്പാടത്തിന് പട്ടയം ലഭിക്കാതെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നവർക്ക് പട്ടയം നൽകാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ; ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ആകെ എത്ര പേർക്ക് പട്ടയം നൽകാനായിട്ടുണ്ട്; | (എ) | താലൂക്ക് തലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും ,സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്ന് പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽക്കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണൽ മുമ്പാകെ തീർപ്പാക്കാനായി ഉണ്ടായിരുന്ന രണ്ടു ലക്ഷത്തിൽ പരം കേസുകൾ തീർപ്പാക്കി കുടിയാൻമാർക്കും കുടികിടപ്പുകാർക്കും മറ്റും പട്ടയം നൽകുന്നതിന് സമയബന്ധിതവും ഊർജ്ജിതവുമായ കർമ്മ പദ്ധതി ആവിഷ്കരിക്കുക യുണ്ടായി. നിയമങ്ങളിൽ ആവശ്യമായ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പുറപ്പെടുവിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനായി ശേഷിച്ച വടക്കൻ ജില്ലകളിൽ പുതിയ ലാൻഡ് ട്രിബ്യൂണൽ ഓഫീസുകൾ സ്ഥാപിക്കുകയുണ്ടായി. ഇതര ജോലികൾ ചെയ്തിരുന്ന സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1,47,222 കേസുകൾ തീർപ്പാക്കുകയും അർഹതയുള്ള 74,086 പേർക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് ക്രയ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുകയും ചെയ്തു. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 1,63,691 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. |
| (ബി) | മറ്റെങ്ങും ഭൂമിയില്ലാതെ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ കൃഷി ചെയ്യാനും താമസമാക്കാനും നിർബന്ധിതരായവർക്ക് പട്ടയം നൽകാൻ പ്രത്യേക പദ്ധതിയുണ്ടോ; | (ബി) | പതിവിനു വിധേയമായ റവന്യൂ പുറമ്പോക്ക് ഭൂമിയിലെ കൈവശക്കാർക്ക് ഭൂമി പതിവ് ചട്ടത്തിലെ വ്യവസ്ഥകൾക്കു വിധേയമായി പട്ടയം നൽകി വരുന്നു. തോട്, പുഴ, റോഡ് പുറമ്പോക്കിലെ താമസക്കാർക്ക് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം/ കൈവശരേഖ നൽകി വരുന്നു. |
| (സി) | ഇടുക്കി ജില്ലയിൽ ഉൾപ്പെടെ ഉപാധിരഹിത പട്ടയം വിതരണം ചെയ്യാൻ നടപടിയെടുത്തിട്ടുണ്ടോ; ലാന്റ് ട്രിബ്യൂണൽ മുമ്പാകെ തീർപ്പാകാതെ കിടന്ന കേസുകൾ തീർപ്പാക്കാൻ വേണ്ട ഇടപെടൽ നടത്തിയിരുന്നോ എന്ന് അറിയിക്കാമോ? | (സി) | വിവിധ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിയമാനുസൃതം അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ തീർപ്പാകാതെ കിടന്ന 701 കേസുകളിൽ 339 കേസുകളിൽ ക്രയ സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന 362 കേസുകൾ തുടർ നടപടിയിലിരിക്കുന്നതാണ്. ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കേസുകൾ അതിവേഗം തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള തീവ്രമായ നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി വലിയ തോതിൽ കേസുകൾ ലാൻഡ് ട്രൈബ്യൂണലിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണൽ മുമ്പാകെ തീർപ്പാക്കാനായി ഉണ്ടായിരുന്ന രണ്ടു ലക്ഷത്തിൽ പരം കേസുകൾ തീർപ്പാക്കി കുടിയാൻമാർക്കും കുടികിടപ്പുകാർക്കും മറ്റും പട്ടയം നൽകുന്നതിന് സമയബന്ധിതവും ഊർജ്ജിതവുമായി കർമ്മ പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. നിയമങ്ങളിൽ ആവശ്യമായ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പുറപ്പെടുവിക്കുകയുണ്ടായി.ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനായി ശേഷിച്ച വടക്കൻ ജില്ലകളിൽ പുതിയ ലാൻഡ് ട്രിബ്യൂണൽ ഓഫീസുകൾ സ്ഥാപിക്കുകയുണ്ടായി. ഇതര ജോലികൾ ചെയ്തിരുന്ന സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലിന്റെ അധിക ചുമതല നൽകി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1,47,222 കേസുകൾ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കുകയും അർഹതയുള്ള 74, 086 പേർക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ